LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് വെള്ളയിൽ മിനി ഫിഷിങ്ങ് ഹാർബർ

132 (133) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിങ്ങ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ ഹാർബറിന്റെ പ്രവൃത്തി പൂർത്തീകരിച്ച് എന്നു മുതൽ പ്രവർത്തനം ആരംഭിക്കണമെന്നാണ് തീരുമാനിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വെള്ളയിൽ ഫിഷറി ഹാർബറിലെ വടക്കേ പുലിമുട്ട് 530 മീറ്ററിൽ 270 മീറ്ററും തെക്കേ പുലിമുട്ട് 750 മീറ്ററിൽ 509 മീറ്ററും പൂർത്തിയായി. വാർഫിന്റെ നിർമ്മാണം 20%-ഉം, ലേലപ്പുര 5%-ഉം പൂർത്തീകരിച്ചു. കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രെഡ്ജിംഗും റിക്ലമേഷനും എന്നീ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭരണാനുമതി പ്രകാരം ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി 4 വർഷമാണ്. അതായത് 2017 ജനുവരി വരെ. ടി കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

അന്ധകാരനഴി വടക്കേപ്പാലം നിർമ്മാണം

133 (134) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധകാരനാഴി വടക്കേപ്പാലം നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്നു വിശദമാക്കുമോ ; ഇതിന്റെ നിർമ്മാണം നിലച്ചിട്ട് എത്ര നാളായി എന്നും എന്തു കാരണത്താലാണ് ഇതിന്റെ നിർമ്മാണം നിലച്ചതെന്നും വ്യക്തമാക്കുമോ;

(ബി) അന്ധകാരനാഴി വടക്കേപ്പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അന്ധകാരനാഴി വടക്കേപാലത്തിന്റെ നിർമ്മാണത്തിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 സ്പാനുകളുള്ള അന്ധകാരനഴി വടക്കേപ്പാലത്തിന്റെ പൈൽ ഫൗണ്ടേഷനുകളുടെയും പടിഞ്ഞാറ് വശത്തുള്ള സ്പാനിന്റേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേ സ്പാനിന്റെ ബീമിന്റെ കമ്പി പണി പൂർത്തീകരിക്കുകയും ഡെക്ക് സ്ലാബിന്റെ ഷട്ടറിംഗ് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

ടി പ്രവൃത്തി 18-12-2009-ൽ കരാറിലേർപ്പെട്ട് ആരംഭിച്ചുവെങ്കിലും പ്രവൃത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ 17-10-2011-ൽ കരാർ റദ്ദ് ചെയ്യുകയും പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തു. 1-7-2014-ൽ പടിഞ്ഞാറു വശത്തെ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പൊഴി മുറിഞ്ഞു കിടന്നതിനാലുള്ള ഒഴുക്കിന്റെ തള്ളൽമൂലം കിഴക്കേ ബണ്ട് തകർന്നതിനാലും സൈറ്റിലുണ്ടായ തൊഴിൽ പ്രശ്നം മൂലവും ഈ സാമ്പത്തിക വർഷം പ്രവൃത്തിയ്ക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ പാർട്ട് ബില്ലിന് പേയ്മെന്റ് നൽകുവാനുള്ള കാലതാമസംമൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുമൂലവും 3 മാസത്തോളം പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു.

(ബി) പുനർ ഏർപ്പാടാക്കിയ കരാർ ഉടമ്പടി പ്രകാരം 1-9-2013-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ ഭരണാനുമതി തുക 635 ലക്ഷം രൂപയാണ്. ഈ സാമ്പത്തിക വർഷം പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടില്ല. എസ്.ഡി.ജി.യിൽ കടിശ്ശിക ബില്ലിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പാലം പണിയുന്നതിന് നിലവിൽ തടസ്സം ഒന്നുമില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടിയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ

134 (135) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ; ചെലവഴിച്ച തുക എത്ര; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തീരദേശ റോഡുകൾക്കായുള്ള